(എ) കേരളത്തിലെ നിലവിലുള്ള യൂണിവേഴ്സിറ്റി നിയമങ്ങളിൽ ഏകീകൃത സമാന വകുപ്പുകൾ ഉണ്ട്.

(ബി) ഇല്ല.

(സി) യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് സ്വഭാവം കണക്കിലെടുത്താണു അവയുടെ നിയമങ്ങൾ നിർമ്മിച്ചിരിക്കുന്നത്.

(ഡി) കേരള യൂണിവേഴ്സിറ്റി – 10
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി – 15
കാലിക്കറ്റ് യൂണിവേഴ്സിറ്റി – 19
കണ്ണൂർ യൂണിവേഴ്സിറ്റി – 15

(ഇ) ഓരോ യൂണിവേഴ്സിറ്റികളിലേയും സിൻഡിക്കേറ്റുകളുടെ അധികാരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(എഫ്) സിൻഡിക്കേറ്റ് അംഗങ്ങളെക്കുറിച്ചുള്ള പരാതികൾ ചാർസലറാണ് അന്വേഷിക്കേണ്ടത്. ലോകായുക്തയുടെ അന്വേഷണ പരിധിയിലും സിൻഡിക്കേറ്റംഗങ്ങൾ ഉൾപ്പെടും.

(ജി&എച്ച്) ശ്രീ. ഇ.പി. മാത്യു എന്ന സിൻഡിക്കേറ്റംഗത്തെക്കുറിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. അനന്തര നടപടിയെക്കുറിച്ച് ആലോചിച്ചുവരുന്നു.

കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ നിലനിൽക്കുന്ന വിവിധ തരത്തിലുള്ള നിയമങ്ങൾ

25 (*265) ശ്രീ. പി. സി. ജോർജ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ. സി. ജോസഫ് :
ശ്രീ. ടി. എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ വിവിധതരത്തിലുള്ള നിയമങ്ങൾ നിലനിൽക്കുന്നതു മൂലമുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുന്നതിനായി എന്തു നടപടി സ്വീകരിച്ചു ;

(സി) മറ്റു യൂണിവേഴ്സിറ്റികളിലെ കോഴ്സുകൾ അംഗീകരിക്കുന്നതിന് കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികൾ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡമെന്താണ് ;

(ഡി) വിവിധ മാനദണ്ഡങ്ങൾ സ്വീകരിച്ചിരിക്കുന്നതുമൂലമുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കോഴ്സുകൾ അംഗീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ബുദ്ധിമുട്ടുകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ സർവ്വകലാശാലയുടെയും അക്കാഡമിക് സ്വഭാവം കണക്കിലെടുത്താണ് അവയുടെ നിയമനിർമ്മാണം നടത്തിയിട്ടുള്ളത്. അതിനാൽ ചില നിയമങ്ങളിൽ വ്യത്യസ്തത ഉണ്ട്.

(ബി) ബാധകമല്ല.

(സി) സ്റ്റാറ്റ്യൂട്ടറി യൂണിവേഴ്സിറ്റികൾ റഗുലർ കോഴ്സുകളിലൂടെ നൽകുന്ന ഡിഗ്രികൾക്ക് ഇതര യൂണിവേഴ്സിറ്റികളുടെ പ്രത്യേക അംഗീകാരത്തിന്റെ ആവശ്യകത ഇല്ല. എന്നാൽ ലിബറലൈസ്ഡ് സ്കീമുകളിലൂടെ നൽകുന്ന ഡിഗ്രികൾ മറ്റ് യൂണിവേഴ്സിറ്റികളിൽ അത്തരം കോഴ്സുകളുടെ സ്കീം, സിലബസ് എന്നിവ അതാതു സർവ്വകലാശാലയുടെ അക്കാഡമിക് കൗൺസിൽ പരിശോധിച്ച് അംഗീകാരം നൽകുകയോ നൽകാതിരിക്കുകയോ ചെയ്യുന്നു.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

സർവകലാശാല വിദ്യാർത്ഥികളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിന് നടപടി

26 (*266) ശ്രീ. തമ്പാനൂർ രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർവകലാശാലകളിലെ വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം കാണുന്നതിന് ഇപ്പോൾ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇവ അപര്യാപ്തമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സർവകലാശാലകളിലെ വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങൾ കേരള സർവകലാശാല സിൻഡിക്കേറ്റ് ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) ഈ നിർദ്ദേശങ്ങളിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ&ബി) കോളേജ് വിദ്യാർത്ഥികളുടെ പരാതി കേൾക്കാനും ആവശ്യമെന്നു കണ്ടാൽ അതിൻമേൽ തീർപ്പുകൽപ്പിക്കാനും സർവകലാശാലകൾക്ക് അധികാരമുണ്ട്. കോളേജ് വിദ്യാർത്ഥികളുടെ പരാതികേൾക്കാനും അവയ്ക്ക് തീർപ്പുകല്പിക്കാനുമായി വി.സി. ചെയർമാനായും, യൂത്ത് വെൽഫെയർ ഡയറക്ടർ, 3 സെനറ്റംഗങ്ങൾ (അതിലൊരാൾ

LIBRARY ARCHIVES Kerala Legislative Assembly